# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 310 21.06.2018- ൽ മറുപടിക്ക്**

## അതിസൂക്ഷ്മ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ<br>,, കെ.വി.വിജയദാസ്<br>,, പി.വി. അൻവർ<br>,, പി.ടി.എ. റഹീം | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഭൂപ്രകൃതിയുടെ സവിശേഷതയും ഉയർന്ന ജനസാന്ദ്രത മൂലമുള്ള ഭൂമിയുടെ ലഭ്യതക്കുറവും കണക്കിലെടുത്ത്, അനുയോജ്യമായതും കൂടുതൽ തൊഴിൽശക്തി ആഗിരണം ചെയ്യാനുള്ള പ്രാപ്തിയും സ്ത്രീകൾക്ക് വിപുലമായ തോതിൽ അവസരങ്ങൾ തുറന്നിടുന്നതുമായ അതിസൂക്ഷ്മ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പരിഗണന നൽകുമോ; | എ) | സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അതിസൂക്ഷ്മ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പരിഗണന നൽകുന്നുണ്ട്. അതിനായി 'നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി' എന്ന പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും, 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഉല്പാദക-ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോട് ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. കൂടാതെ നാനോ ഹൗസ് ഹോൾഡ് യൂണിറ്റുകൾ, പി.എം.ഇ.ജി.പി യൂണിറ്റുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് അതിസൂക്ഷ്മ മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് പൊതുസൗകര്യ കേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള സംസ്ഥാന ആവിഷ്കൃത ക്ലസ്റ്റർ വികസന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 25 ലക്ഷം രൂപ വനിതാ യൂണിറ്റുകൾക്കായി പ്രത്യേകം മാറ്റിവെച്ചിരിക്കുന്നു. |
| ബി) | ഇത്തരം സംരംഭങ്ങളുടെ വ്യാപനത്തിനായി കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യത പ്രചരിപ്പിക്കാനായി പദ്ധതിയുണ്ടോ; ഉല്പന്നങ്ങളുടെ വിപണനത്തിനായി കേന്ദ്രീകൃത | ബി) | കേരളത്തിന്റെ തനത് കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ കാർഷിക സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് പ്രത്യേകം വ്യവസായ-വാണിജ്യ മേളകൾ 'കേരള അഗ്രോ ഫുഡ് പ്രൊ' എന്ന പേരിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണന മേള സംഘടിപ്പിക്കുക വഴി ഈ രംഗത്തെ ആധുനിക പ്രവണതകൾ പരിചയപ്പെടുത്തുകയും |

| | | | |
|---|---|---|---|
| | സംവിധാനം ഒരുക്കാൻ സാധിക്കുമോ; | | എം.എസ്.എം.ഇ/നാനോ സംരംഭങ്ങൾ ഉൾപ്പെടെ കാർഷികാധിഷ്ഠിത ഭക്ഷ്യ വ്യവസായ യൂണിറ്റുകളെയും, ടെക്നിക്കൽ സ്ഥാപനങ്ങളെയും, മെഷിനറി സപ്ലയർമാരെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ച ടെക്നോളജി ക്ലിനിക്, ഇഡിപി തുടങ്ങിയ പരിപാടികളിൽ ഭക്ഷ്യ സംസ്കരണ വ്യവസായ രംഗത്തെ സാദ്ധ്യതകളെ കുറിച്ചുള്ള അവബോധവും നടത്തി വരുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴിയുള്ള ആനുകൂല്യം കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്കും ലഭ്യമാക്കുന്നുണ്ട്. സംരംഭകത്വ സഹായ പദ്ധതിയിൽ കാർഷികാധിഷ്ഠിത ഉൽപ്പാദന യൂണിറ്റുകൾക്ക് 10% അധികം സബ്സിഡി മറ്റു മേഖലയിലുള്ള യൂണിറ്റുകൾക്ക് നൽകുന്നതിനേക്കാൾ നൽകുന്നുണ്ട്. ഇത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വ്യവസായ ക്ലസ്റ്റർ അധിഷ്ഠിത വികസന പദ്ധതികളിലൂടെ കേന്ദ്രീകൃത സംവിധാനം ഒരുക്കുന്നതിന് സാധിക്കുന്നതാണ്. കേന്ദ്രാവിഷ്കൃത ക്ലസ്റ്റർ വികസന പദ്ധതിയും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ക്ലസ്റ്റർ വികസന പദ്ധതിയും നടപ്പിലാക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്.<br>കർഷകരെയും, പുതിയ സംരംഭകരെയും കാർഷിക സംരംഭങ്ങളിൽ പങ്കാളികളാക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിവരുന്നു. അതിനായി 2016, 2017 വർഷങ്ങളിൽ ''വൈഗ 2016'', ''വൈഗ 2017'' എന്നീ പേരുകളിൽ കാർഷിക വ്യാവസായിക പ്രദർശനവും, തുടർന്ന് പരിശീലനങ്ങളും കൃഷി വകുപ്പ് മുഖേന നടത്തിവരുന്നു. തിരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾക്ക് Small Farmers Agri Business Consortium വഴി ധനസഹായവും കൃഷിവകുപ്പ് നൽകി വരുന്നു. |
| സി) | ഗ്രാമ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് സംരംഭക സഹായം നൽകാനും യന്ത്രോപകരണങ്ങൾ പരിചയപ്പെടുത്താനും മിതമായ പലിശക്ക് മൂലധനം ലഭ്യമാക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | സി) | ഗ്രാമ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് സംരംഭക സഹായം നൽകാനും യന്ത്രോപകരണങ്ങൾ പരിചയപ്പെടുത്താനും മിതമായ പലിശക്ക് മൂലധനം ലഭ്യമാക്കാനും വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്വെൻഷൻ പദ്ധതി - നാനോ/കുടുംബ സംരംഭങ്ങൾ എടുക്കുന്ന വായ്പയുടെ പലിശയിൽ 6% മുതൽ 8% വരെ ഇളവ് (ഇന്ററസ്റ്റ് സബ്വെൻഷൻ) നൽകുന്ന പദ്ധതി.<br>2) സൂക്ഷ്മ -ചെറുകിട യൂണിറ്റുകൾക്ക് മൂലധന പിന്തുണ വഴി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരവും, നിക്ഷേപവും,വിറ്റുവരവും സാധ്യമാക്കുന്നതിനായി സംരംഭക സഹായ പദ്ധതിയ്ക്കായി 2018 -19 ബഡ്ജറ്റിൽ 6000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് .<br>3) മുന്നൂറ് ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരിത്തിയിട്ടുള്ള സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം.<br>4)തകർച്ച നേരിടുന്ന എം. എസ്. എം. ഇ കളുടെ പുനരുദ്ധാരണ പദ്ധതിയ്ക്കായി മുന്നൂറു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>5) കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായ പദ്ധതിയ്ക്ക് (ആഷ പദ്ധതി) 35.00 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.<br>കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും, ചെറുകിട വ്യവസായികളെ |

| | | |
|---|---|---|
| | | ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്പ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡെവലപ്മെൻറ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു. |

**സെക്ഷൻ ഓഫീസർ**